## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2941 — 19.06.2014-ൽ മറുപടിക്ക്**

**കാസർകോട് - കാഞ്ഞങ്ങാട് കെ.എസ്.ടി.പി.റോഡ് നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) കാസർകോട്-കാഞ്ഞങ്ങാട് കെ.എസ്.ടി.പി.റോഡ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ; | (എ) കെ. എസ്. ടി. പി രണ്ടാം ഘട്ട പദ്ധതിയിൽപ്പെടുത്തി കാസർകോട് - കാഞ്ഞങ്ങാട് റോഡിന്റെ വികസന പ്രവൃത്തി 2013 ഏപ്രിൽ മാസം ആരംഭിക്കുകയും ഇതുവരെയായി 8.5% നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ചെളിയകോട്ടും ചിത്താരിയിലുമുള്ള പാലങ്ങളുടെ പണി നടന്നു വരുന്നു. 10 കലുങ്കുകളുടെ പണി പൂർത്തിയാക്കുകയും 5 എണ്ണത്തിന്റെ പണിപുരോഗതിയിലുമാണ്. കൂടാതെ പ്രസ്തുത റോഡിലെ കാസർകോട് മുതൽ പാലക്കുന്ന് വരെയുള്ള 10 കി.മീറ്ററിൽ റോഡ് വികസന പണി പലഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. |
| (ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ബി) കരാർ അനുസരിച്ച് 2015 ൽ തന്നെ ഈ റോഡിന്റെ നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ